**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1055** **29-08-2022 - ൽ മറുപടിയ്ക്ക്**

**അരിയല്ലൂർ ബീച്ചിൽ പരപ്പാൽ തീരസംരക്ഷണ പ്രവൃത്തിയുടെ ഡിസൈൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ അരിയല്ലൂർ ബീച്ചിൽ പരപ്പാൽ തീരസംരക്ഷണ പ്രവൃത്തിയുടെ ഡിസൈൻ ചെയ്യുന്നതിന് വേണ്ടി ഹൈഡ്രോളിക്ക് മോഡൽ പഠനം നടത്തുന്നതിനായി അനുമതി നല്കിയിട്ടുണ്ടോ; | (എ) | വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ അരിയല്ലൂർ ബീച്ചിൽ പരപ്പാൽ തീരസംരക്ഷണ പ്രവൃത്തിയുടെ ഡിസൈൻ ചെയ്യുന്നതിന് വേണ്ടി ഹൈഡ്രോളിക് മോഡൽ പഠനം നടത്തുന്നതിനായി 12% ജി.എസ്.റ്റി ഉൾപ്പെടെ 9.3 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് 18% ജി.എസ്.റ്റി ഉൾപ്പെടുത്തണമെന്നുള്ളതിനാൽ 9.8 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് 18/09/2021 തീയതിയിലെ W5/35242/2014/DB1 നമ്പർ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. തുടർന്ന് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കണമെന്ന് 23/12/2021-ലെ IR2/175/2020/WRD കത്ത് മുഖേന നിർദ്ദേശി ച്ചതിനെത്തുടർന്ന് ഇതേ എസ്റ്റിമേറ്റ്, ഡേറ്റ ശേഖരണ സമയത്ത് ഉണ്ടാകാവുന്ന അപ്രതീക്ഷിത ചെലവ് ഇനത്തിൽ 22,000/- രൂപ കൂടി പുതുതായി ഉൾപ്പെടുത്തി ഡി.എസ്.ആർ 2018 പ്രകാരം 10 ലക്ഷം രൂപയ്ക്ക് പ്രൈസ് മുഖാന്തിരം തയ്യാറാക്കിയിട്ടുണ്ട്. ആയതിൻപ്രകാരം പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഫയൽ നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ? | (ബി) | വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ അരിയല്ലൂർ ബീച്ചിൽ പരപ്പാൽ തീരസംരക്ഷണ പ്രവൃത്തിയുടെ ഡിസൈൻ ചെയ്യുന്നതിന് വേണ്ടി ഹൈഡ്രോളിക് മോഡൽ പഠനം നടത്തുന്നതിനായി 12% ജി.എസ്.റ്റി ഉൾപ്പെടെ 9.3 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് 18% ജി.എസ്.റ്റി ഉൾപ്പെടുത്തണമെന്നുള്ളതിനാൽ 9.8 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് 18/09/2021 |

| | | | |
|---|---|---|---|
| | | | തീയതിയിലെ W5/35242/2014/DB1 നമ്പർ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. തുടർന്ന് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കണമെന്ന് 23/12/2021-ലെ IR2/175/2020/WRD കത്ത് മുഖേന നിർദ്ദേശി ച്ചതിനെത്തുടർന്ന് ഇതേ എസ്റ്റിമേറ്റ്, ഡേറ്റ ശേഖരണ സമയത്ത് ഉണ്ടാകാവുന്ന അപ്രതീക്ഷിത ചെലവ് ഇനത്തിൽ 22,000/- രൂപ കൂടി പുതുതായി ഉൾപ്പെടുത്തി ഡി.എസ്.ആർ 2018 പ്രകാരം 10 ലക്ഷം രൂപയ്ക്ക് പ്രൈസ് മുഖാന്തിരം തയ്യാറാക്കിയിട്ടുണ്ട്. ആയതിൻപ്രകാരം പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ